**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 74** **23-08-2022 - ൽ മറുപടിയ്ക്ക്**

**നോളജ് ഇക്കണോമി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നോളജ് ഇക്കണോമി മിഷന്റെ സ്ട്രാറ്റജി പേപ്പറിന് അന്തിമാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കേരള നോളജ് ഇക്കണോമി മിഷന്റെ സ്ട്രാറ്റജി പേപ്പറിന് 26.11.2021- ലെ സ.ഉ.(സാധാ) നം.11/2021/പിഎൽജി & ഇഎ (ഡിവിപിഎംറ്റി & ഇന്നവേഷൻ) ഉത്തരവു പ്രകാരം, തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | യോഗ്യതകൾക്ക് അനുസരിച്ചുള്ള ജോലി ലഭ്യമാകാത്തതിന് പരിഹാരം കണ്ടെത്തുന്നതിന് നോളജ് ഇക്കണോമി മിഷൻ നടത്തുന്ന ഇടപെടലുകളെ സംബന്ധിച്ച് വ്യക്തമാക്കുമോ; | (ബി) | ഉദ്യോഗാർത്ഥികളെയും തൊഴിൽ ദാതാക്കളേയും നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും ഒരേ പ്ലാറ്റ് ഫോമിൽ കൊണ്ടുവന്ന് പരസ്പരപൂരകമായി പ്രവർത്തിക്കുന്നതിന് സാധ്യമാക്കുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം - ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പ്രാവർത്തികമാക്കി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ (DUK) നേതൃത്വത്തിലാണ് ഈ പ്ലാറ്റ്ഫോം യാഥാർത്ഥ്യമാക്കിയത്. DWMS കേവലം ഒരു തൊഴിൽ പ്ലാറ്റ് ഫോം എന്നതിലുപരി തൊഴിലന്വേഷകർക്കായി എല്ലാവിധ സേവനങ്ങളും നൽകുന്ന ഒരു ഏകജാലകമാണ്. തൊഴിൽ അന്വേഷകരുടെ അഭിരുചി തിരിച്ചറിയുവാനും, അതിനനുസൃതമായ തൊഴിൽ മേഖലയിലേക്ക് അവരെ കൈ പിടിച്ചു ഉയർത്തുവാനായുള്ള സംവിധാനമായാണ് DWMS നെ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>DWMS ൽ രജിസ്റ്റർ ചെയ്ത തൊഴിൽ അന്വേഷകർക്ക് കരിയർ കൗൺസിലിങ് സേവനങ്ങൾ ലഭ്യമാകുന്നതാണ്. സൈക്കോമെട്രിക് ടെസ്റ്റ് പ്രയോജനപ്പെടുത്തി തൊഴിൽ അന്വേഷകർക്ക് അതിന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള കൗൺസിലിങ് സേവനങ്ങൾ നൽകിവരുന്നു.<br><br>ഇംഗ്ലീഷ് ഭാഷയിലൂടെ തൊഴിലന്വേഷകരെ തൊഴിലിടങ്ങളിലെ ആശയവിനിമയം, |

ഇന്റർപഴ്സണൽ സ്കിൽസ് തുടങ്ങിയ കഴിവുകൾ മെച്ചപ്പെടുത്തി അവരെ അനുയോജ്യമായ തൊഴിലിലേക്ക് സജ്ജരാക്കാനാണ് പേഴ്സണാലിറ്റി ഡെവലപ്‌റ്റന്റ് പ്രൊഫഷണൽ (PDT) മൊഡ്യൂൾ വികസിപ്പിച്ചെടുത്തത്. ഇതിന്റെ പരിശീലന നടത്തിപ്പിനായി 38 പേഴ്സണാലിറ്റി ഡെവലെപ്മെന്റ് പ്രൊഫെഷണൽ (PDP) മാരെ തിരഞ്ഞെടുത്തിട്ടുമുണ്ട്.

തൊഴിൽ അന്വേഷകർക്ക് DWMS പ്ലാറ്റ്ഫോമിനെക്കുറിച്ചും അതിൽ ലഭ്യമായ വിവിധ സേവനങ്ങളെ കുറിച്ചും വ്യക്തമായ അവബോധം ഉണ്ടാക്കിയെടുക്കുന്നതിനായി, കേരള നോളജ് എക്കണോമി മിഷൻ (KKEM) ഒരു 'കരിയർ ഫെസിലിറ്റേറ്റർ ഇന്റേൺഷിപ്പ്' (CFI) പ്രോഗ്രാം വിഭാവനം ചെയ്യുന്നു. ഈ ഇന്റേൺഷിപ്പ് പ്രോഗ്രാം വഴി DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത തൊഴിൽ അന്വേഷകർക്ക് DWMS-ലെ സേവനങ്ങളെ കുറിച്ച് പറഞ്ഞുകൊടുക്കുന്നതിനായും, നിലവിൽ DWMS-ൽ സജീവമല്ലാത്ത തൊഴിൽ അന്വേഷകരെ താത്കാലികമായി മാറ്റി നിർത്തുവാനും, അതുവഴി ഉടനടി ജോലിക്ക് താൽപര്യമുള്ളവരെ കൂടുതൽ പരിഗണിക്കാനും സാധിക്കും.

DWMS ൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ ഇംഗ്ലീഷ് നൈപുണ്യ നിലവാരം വിലയിരുത്തുന്നതിനായി ബ്രിട്ടീഷ് കൗൺസിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഇംഗ്ലീഷ് സ്കോർ ടെസ്റ്റ് DWMS ൽ ലഭ്യമാകും. ഒരു സ്മാർട്ട് ഫോൺ ആപ്പ് അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ടെസ്റ്റിലൂടെ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ ഇംഗ്ലീഷ് പ്രാവീണ്യ നിലവാരം അറിയാനാകും. മാത്രമല്ല പ്രാവീണ്യമുള്ളവരെ വേഗത്തിൽ വിലയിരുത്തുന്നതിന് അന്താരാഷ്ട്ര ആഭ്യന്തര തൊഴിലുടമകൾക്കും ഇതു സഹായകമാവും. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

KKEM എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ നടത്തിയിരുന്നു. ഈ തൊഴിൽ മേളകളുടെ അടിസ്ഥാന അനുമാനം അനുസരിച്ച് ഭൂരിഭാഗം തൊഴിൽ അന്വേഷകർക്കും അഭിമുഖത്തിൽ പങ്കെടുക്കാനുള്ള ആത്മവിശ്വാസക്കുറവുണ്ട്. തൊഴിൽ ദാതാക്കളുടെ പ്രതികരണം പോലും ഇതിനോട് ശക്തമായി യോജിക്കുന്നു. തൊഴിൽ മേളകളിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ

| | | | |
|---|---|---|---|
| | | | തൊഴിലന്വേഷകർക്കും ഇന്റർവ്യൂ ഗ്രൂമിംഗ് നല്കുന്നതിലേക്കായി വർക്ക് റെഡിനെസ് തയാറാക്കിയിട്ടുണ്ട്. DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലന്വേഷകർക്കും ഈ പ്രോഗ്രാമിലേക്കുള്ള അപേക്ഷകൾ പോർട്ടൽ വഴി സമർപ്പിക്കാവുന്നതാണ്. ആത്മവിശ്വാസത്തോടെ ഒരു അഭിമുഖത്തിൽ എങ്ങനെ പങ്കെടുക്കാം, ഗ്രൂപ്പ് ഡിസ്കഷൻ, മേക്ക് ഇന്റർവ്യൂ തുടങ്ങിയവയെക്കുറിച്ചുള്ള സെഷനുകൾ പ്രസ്തുത പ്രോഗ്രാമിൽ ഉൾപെടുത്തിയിട്ടുണ്ട്. ഇത് തൊഴിലന്വേഷകരെ ആത്മവിശ്വാസത്തോടെ അഭിമുഖത്തിൽ പങ്കെടുക്കാനും കൂടുതൽ തൊഴിൽ അന്വേഷകരെ തൊഴിലിലേയ്ക്ക് നയിക്കുവാനും സഹായകരമാകും. ഇതിന്റെ നടത്തിപ്പിനായി ASAP Kerala യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>തൊഴിൽ ദാതാക്കളുടെ ദേശീയ സംഘടനയായ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി ഐ ഐ) യുമായി ചേർന്ന് തൊഴിലവസരങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള ധാരണ പത്രം ഒപ്പിട്ടിട്ടുണ്ട്. ഓൺലൈൻ തൊഴിൽ ദാതാക്കളായ മോൺസ്റ്റർ, ലിങ്ക്ഡ് ഇൻ തുടങ്ങിയ പ്ലാറ്റ്ഫോമുകളെ ബന്ധിപ്പിച്ച പ്ലാറ്റ്ഫോം ഓഫ് പ്ലാറ്റ് ഫോംസ് എന്ന സംവിധാനം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. കൂടാതെ ഈ പ്ലാറ്റ്ഫോമിലേക്ക് കേരളത്തിലെ പ്രധാനപ്പെട്ട നൈപുണ്യ ദാതാക്കളായ അസാപ് കേരള, ഐസിടി അക്കാദമി, KASE, തൊഴിലവസരങ്ങൾ നൽകുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങിയവരെ ബന്ധിപ്പിക്കാനുള്ള മുൻകൈയും എടുത്തിട്ടുണ്ട്. ഇതുവരെ 34 നൈപുണ്യ പങ്കാളികളെ പ്രവേശിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 28 ഏജൻസികളിൽ നിന്ന് 34 സെക്ടറുകളിലായി 172 കോഴ്സുകൾ കാറ്റലോഗിങ്ങിനായി കണ്ടെത്തിയിട്ടുണ്ട് . |
| (സി) | ഇത്തരത്തിൽ എത്ര ആളുകളുണ്ടെന്നും അവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ; | (സി) | കേരളത്തിലുടനീളമുള്ള തൊഴിലന്വേഷകരെ കണ്ടെത്തുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടുകൂടി 'ജാലകം' എന്ന സ്മാർട്ട് ഫോൺ ആപ്ലിക്കേഷൻ വികസിപ്പിക്കുകയും തുടർന്ന് കുടുംബശ്രീ \|പ്രവർത്തകരെ ചുമതലപ്പെടുത്തി സംസ്ഥാനമെമ്പാടും സർവേ നടത്തുകയും ചെയ്തു. കേരളത്തിലുടനീളം 81,12,268 വീടുകൾ സന്ദർശിക്കുകയും 53,42,094 തൊഴിലന്വേഷകരുടെ പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇതിന്റെ തുടർ നടപടിയായി 'DWMS Connect' എന്ന സ്മാർട്ട് ഫോൺ ആപ്ലിക്കേഷൻ ഉപയോഗിച്ച്. |

| | | | |
|---|---|---|---|
| | | | കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്തി ഇവരുടെ പ്രൊഫൈൽ കംപ്ലീഷൻ ചെയ്തു വരുന്നു. |
| (ഡി) | ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം പ്രകാരം എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇവർക്ക് അനുയോജ്യമായ തൊഴിലും സംരംഭവും കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ? | (ഡി) | 19-08-2022 ലെ കണക്കു പ്രകാരം DWMS പ്ലാറ്റ്ഫോമിൽ 10,58,949 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉദ്യോഗാർത്ഥികളെയും തൊഴിൽ ദാതാക്കളേയും നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും ഒരേ പ്ലാറ്റ് ഫോമിൽ കൊണ്ടുവന്ന് പരസ്പരപൂരകമായി പ്രവർത്തിക്കുന്നതിന് സാധ്യമാക്കുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം - ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പ്രാവർത്തികമാക്കി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ (DUK) നേതൃത്വത്തിലാണ് ഈ പ്ലാറ്റ്ഫോം യാഥാർത്ഥ്യമാക്കിയത്. DWMS കേവലം ഒരു തൊഴിൽ പ്ലാറ്റ് ഫോം എന്നതിലുപരി തൊഴിലന്വേഷകർക്കായി എല്ലാവിധ സേവനങ്ങളും നൽകുന്ന ഒരു ഏകജാലകമാണ്. തൊഴിൽ അന്വേഷകരുടെ അഭിരുചി തിരിച്ചറിയുവാനും, അതിനനുസൃതമായ തൊഴിൽ മേഖലയിലേക്ക് അവരെ കൈ പിടിച്ചു ഉയർത്തുവാനായുള്ള സംവിധാനമായാണ് DWMS നെ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>DWMS ൽ രജിസ്റ്റർ ചെയ്ത തൊഴിൽ അന്വേഷകർക്ക് കരിയർ കൗൺസിലിങ് സേവനങ്ങൾ ലഭ്യമാകുന്നതാണ്. സൈക്കോമെട്രിക് ടെസ്റ്റ് പ്രയോജനപ്പെടുത്തി തൊഴിൽ അന്വേഷകർക്ക് അതിന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള കൗൺസിലിങ് സേവനങ്ങൾ നൽകിവരുന്നു.<br><br>ഇംഗ്ലീഷ് ഭാഷയിലൂടെ തൊഴിലന്വേഷകരെ തൊഴിലിടങ്ങളിലെ ആശയവിനിമയം, ഇന്റർപഴ്സണൽ സ്കിൽസ് തുടങ്ങിയ കഴിവുകൾ മെച്ചപ്പെടുത്തി അവരെ അനുയോജ്യമായ തൊഴിലിലേക്ക് സജ്ജരാക്കാനാണ് പേഴ്സണാലിറ്റി ഡെവലപ്പ്റ്റന്റ് പ്രൊഫഷണൽ (PDT) മൊഡ്യൂൾ വികസിപ്പിച്ചെടുത്തത്. ഇതിന്റെ പരിശീലന നടത്തിപ്പിനായി 38 പേഴ്സണാലിറ്റി ഡെവലെപ്മെന്റ്റ് പ്രൊഫെഷണൽ (PDP) മാരെ തിരഞ്ഞെടുത്തിട്ടുമുണ്ട്.<br><br>തൊഴിൽ അന്വേഷകർക്ക് DWMS പ്ലാറ്റ്ഫോമിനെക്കുറിച്ചും അതിൽ ലഭ്യമായ വിവിധ സേവനങ്ങളെ കുറിച്ചും വ്യക്തമായ അവബോധം ഉണ്ടാക്കിയെടുക്കുന്നതിനായി, കേരള നോളജ് എക്കണോമി മിഷൻ (KKEM) ഒരു 'കരിയർ ഫെസിലിറ്റേറ്റർ ഇന്റേൺഷിപ്പ്' (CFI) പ്രോഗ്രാം |

വിഭാവനം ചെയ്യുന്നു. ഈ ഇന്റേൺഷിപ്പ് പ്രോഗ്രാം വഴി DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത തൊഴിൽ അന്വേഷകർക്ക് DWMS-ലെ സേവനങ്ങളെ കുറിച്ച് പറഞ്ഞുകൊടുക്കുന്നതിനായും, നിലവിൽ DWMS-ൽ സജീവമല്ലാത്ത തൊഴിൽ അന്വേഷകരെ താത്കാലികമായി മാറ്റി നിർത്തുവാനും, അതുവഴി ഉടനടി ജോലിക്ക് താൽപര്യമുള്ളവരെ കൂടുതൽ പരിഗണിക്കാനും സാധിക്കും.

DWMS ൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ ഇംഗ്ലീഷ് നൈപുണ്യ നിലവാരം വിലയിരുത്തുന്നതിനായി ബ്രിട്ടീഷ് കൗൺസിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഇംഗ്ലീഷ് സ്കോർ ടെസ്റ്റ് DWMS ൽ ലഭ്യമാകും. ഒരു സ്മാർട്ട് ഫോൺ ആപ്പ് അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ടെസ്റ്റിലൂടെ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ ഇംഗ്ലീഷ് പ്രാവീണ്യ നിലവാരം അറിയാനാകും. മാത്രമല്ല പ്രാവീണ്യമുള്ളവരെ വേഗത്തിൽ വിലയിരുത്തുന്നതിന് അന്താരാഷ്ട്ര ആഭ്യന്തര തൊഴിലുടമകൾക്കും ഇതു സഹായകമാവും. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

KKEM എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ നടത്തിയിരുന്നു. ഈ തൊഴിൽ മേളകളുടെ അടിസ്ഥാന അനുമാനം അനുസരിച്ച് ഭൂരിഭാഗം തൊഴിൽ അന്വേഷകർക്കും അഭിമുഖത്തിൽ പങ്കെടുക്കാനുള്ള ആത്മവിശ്വാസക്കുറവുണ്ട്. തൊഴിൽ ദാതാക്കളുടെ പ്രതികരണം പോലും ഇതിനോട് ശക്തമായി യോജിക്കുന്നു. തൊഴിൽ മേളകളിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലന്വേഷകർക്കും ഇന്റർവ്യൂ ഗ്രൂമിംഗ് നല്കുന്നതിലേക്കായി വർക്ക് റെഡിനെസ് തയാറാക്കിയിട്ടുണ്ട്. DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലന്വേഷകർക്കും ഈ പ്രോഗ്രാമിലേക്കുള്ള അപേക്ഷകൾ പോർട്ടൽ വഴി സമർപ്പിക്കാവുന്നതാണ്. ആത്മവിശ്വാസത്തോടെ ഒരു അഭിമുഖത്തിൽ എങ്ങനെ പങ്കെടുക്കാം, ഗ്രൂപ്പ് ഡിസ്കഷൻ, മേക്ക് ഇന്റർവ്യൂ തുടങ്ങിയവയെക്കുറിച്ചുള്ള സെഷനുകൾ പ്രസ്തുത പ്രോഗ്രാമിൽ ഉൾപെടുത്തിയിട്ടുണ്ട്. ഇത് തൊഴിലന്വേഷകരെ ആത്മവിശ്വാസത്തോടെ അഭിമുഖത്തിൽ പങ്കെടുക്കാനും കൂടുതൽ തൊഴിൽ അന്വേഷകരെ തൊഴിലിലേയ്ക്ക് നയിക്കുവാനും സഹായകരമാകും. ഇതിന്റെ നടത്തിപ്പിനായി ASAP Kerala യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | തൊഴിൽ ദാതാക്കളുടെ ദേശീയ സംഘടനയായ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി ഐ ഐ) യുമായി ചേർന്ന് തൊഴിലവസരങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള ധാരണ പത്രം ഒപ്പിട്ടിട്ടുണ്ട്. ഓൺലൈൻ തൊഴിൽ ദാതാക്കളായ മോൺസ്റ്റർ, ലിങ്ക്ഡ് ഇൻ തുടങ്ങിയ പ്ലാറ്റ്ഫോമുകളെ ബന്ധിപ്പിച്ച പ്ലാറ്റ്‌ഫോം ഓഫ് പ്ലാറ്റ് ഫോംസ് എന്ന സംവിധാനം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. കൂടാതെ ഈ പ്ലാറ്റ്‌ഫോമിലേക്ക് കേരളത്തിലെ പ്രധാനപ്പെട്ട നൈപുണ്യ ദാതാക്കളായ അസാപ് കേരള, ഐസിടി അക്കാദമി, KASE, തൊഴിലവസരങ്ങൾ നൽകുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങിയവരെ ബന്ധിപ്പിക്കാനുള്ള മുൻകൈയും എടുത്തിട്ടുണ്ട്. ഇതുവരെ 34 നൈപുണ്യ പങ്കാളികളെ പ്രവേശിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 28 ഏജൻസികളിൽ നിന്ന് 34 സെക്ടറുകളിലായി 172 കോഴ്സുകൾ കാറ്റലോഗിങ്ങിനായി കണ്ടെത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ